**കേരള സർക്കാർ**

**പ്രവേശന പരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## പത്രക്കുറിപ്പ്

## കീം-2026

## കേരള എഞ്ചിനീയറിംഗ്, ഫാർമസി കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ വിജയകരമായി പൂർത്തിയായി

സംസ്ഥാനത്തെ സർക്കാർ, സർക്കാർ എയ്ഡഡ്, സർക്കാർ കോസ്റ്റ് ഷെയറിംഗ്, സ്വാശ്രയ സ്വയംഭരണ എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ ബി.ടെക് പ്രോഗ്രാമുകളിലേക്കും ഫാർമസി കോളേജുകളിലെ ബി.ഫാം കോഴ്സുകളിലേക്കും 2026-27 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായുള്ള കമ്പ്യൂട്ടർ അധിഷ്ഠിത (CBT) പ്രവേശന പരീക്ഷ (കീം-2026) പൂർത്തിയായി. ഏപ്രിൽ 17 മുതൽ 22 വരെ നടന്ന ഈ പരീക്ഷയ്ക്ക് കേരളത്തിൽ 152 പരീക്ഷാ കേന്ദ്രങ്ങളിലായി 192 വെന്യൂകൾ സജ്ജീകരിച്ചിരുന്നു. കൂടാതെ ഇന്ത്യക്ക് അകത്ത് ഡൽഹി, മുംബൈ, ചെന്നൈ, ബംഗളൂരു എന്നീ സംസ്ഥാനങ്ങളിലും, പശ്ചിമേഷ്യയിലെ യുദ്ധ സാഹചര്യം കണക്കിലെടുത്ത് ഷാർജ, ബഹ്റൈൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിലും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിരുന്നു. കേരളത്തിൽ ആകെ 95016 പേർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഹാജരായി. ഷാർജ, ബഹ്റിൻ, കുവൈറ്റ്, ഡൽഹി, മുംബൈ, ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിലായി 1684 പേർ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് ഹാജരായി. ബി.ഫാം കോഴ്സ് പ്രവേശനത്തിനായി കേരളത്തിൽ ആകെ 30970 പേർ പരീക്ഷയ്ക്ക് ഹാജരായി. ഷാർജ, ബഹ്റൈൻ, കുവൈറ്റ്, ദുബായ്, ഡൽഹി, മുംബൈ, ബംഗളൂരു, ചെന്നൈ എന്നിവിടങ്ങളിലായി 171 പേർ ഫാർമസി പരീക്ഷ എഴുതി.

സർക്കാർ ഉത്തരവ് പ്രകാരം 2024 മുതൽ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷ ഓൺലൈൻ രീതിയിലാണ് നടത്തി വരുന്നത്. 2025 വർഷത്തെ അപേക്ഷിച്ച് ഈ വർഷം 8086 അപേക്ഷകർ കൂടുതൽ ഉണ്ടായിരുന്നുവെങ്കിലും പരീക്ഷ നടത്തുന്നതിനായി കൂടുതൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കാൻ കഴിഞ്ഞതിനാൽ പരീക്ഷാ കേന്ദ്രമായി അപേക്ഷകർക്ക് പ്രഥമ പരിഗണന നൽകിയ ജില്ലയിൽ തന്നെ പരീക്ഷാ കേന്ദ്രം അനുവദിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ആവശ്യാനുസരണം ലാബുകൾ ലഭ്യമാകാതിരുന്നതിനാൽ KELTRON ന്റെ സഹായത്തോടെ IHRD കോളേജുകളിലും സ്കൂളുകളിലുമായി താത്ക്കാലിക ലാബുകൾ സ്ഥാപിച്ച് പരീക്ഷ നടത്തുകയായിരുന്നു. പരീക്ഷ നടത്തുന്നതിനായി സുസജ്ജമായ കമ്പ്യൂട്ടർ ലാബുകൾ കണ്ടെത്തുക എന്നത് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിന് അക്ഷരാർത്ഥത്തിൽ വെല്ലുവിളി തന്നെയായിരുന്നു. എന്നാൽ സർവ്വകലാശാലകളും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പും അവരുടെ പരീക്ഷകൾ മാറ്റിവച്ചും ആവശ്യമായ ക്രമീകരണങ്ങൾ വരുത്തിയും കീം പരീക്ഷയ്ക്ക് ആവശ്യമായ ലാബ് സൗകര്യങ്ങൾ വിട്ടുതരാൻ തയ്യാറായി.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിനായി വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചിരുന്നു. പരീക്ഷയ്ക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ വികസിപ്പിച്ചതും പരീക്ഷയ്ക്കായുള്ള സാങ്കേതിക സഹായം നൽകിയതും സി-ഡിറ്റ് ആണ്. ഓരോ പരീക്ഷാ കേന്ദ്രത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി ഒരു സെന്റർ കോ-ഓർഡിനേറ്ററെ നിയോഗിച്ചിരുന്നു. സെന്റർ കോ-ഓർഡിനേറ്ററെ സഹായിക്കുന്നതിനായി നെറ്റ്‌വർക്ക് സ്പെഷ്യലിസ്റ്റ്, ടെക്നിക്കൽ സപ്പോർട്ട് പേഴ്സണൽ തുടങ്ങിയവരേയും ഓരോ കേന്ദ്രത്തിലും ആവശ്യാനുസരണം നിയോഗിച്ചിരുന്നു. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം വഹിച്ചത് ചീഫ് സൂപ്രണ്ടുമാരാണ്. ഓരോ വെന്യൂവിലും ഒരു ചീഫ് സൂപ്രണ്ട് എന്ന നിലയിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. സർക്കാർ/സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജ്, ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പോളിടെക്നിക് കോളേജുകൾ, ഐ.ടിഐ എന്നിവിടങ്ങളിലെ കമ്പ്യൂട്ടർ/ഐടി/ഇലക്ട്രോണിക്സ്/ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളിലെ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഉദ്യോഗസ്ഥർ/അദ്ധ്യാപകർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെയും പോളിടെക്നിക് കോളേജുകളിലെയും കമ്പ്യൂട്ടർ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, ലക്ചറർ, ഡെമോൺസ്ട്രേറ്റർ, ട്രേഡ് ഇൻസ്പെക്ടർ, കമ്പ്യൂട്ടർ പ്രോഗ്രാമർ, ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ എന്നിവരെയാണ് ചീഫ് സൂപ്രണ്ടുമാരായി നിയോഗിച്ചിരുന്നത്. വളരെ സ്തുത്യർഹമായ രീതിയിൽ അവർ ചുമതലകൾ നിർവഹിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി സി-ഡിറ്റ് ചുമതലപ്പെടുത്തുന്ന software support personnel നെയും ഓരോ വെന്യുവിലും നിയമിച്ചിരുന്നു. പരീക്ഷാ കേന്ദ്രത്തിലെത്തുന്ന അപേക്ഷകരുടെ ഐഡന്റിറ്റി പരിശോധന നടത്തുന്നതിനു ഈ വർഷം ചില പരീക്ഷാ കേന്ദ്രങ്ങൾ താൽപര്യം പ്രകടിപ്പിച്ചതിനാൽ ടി സ്ഥാപനങ്ങളും, ബാക്കി സ്ഥാപനങ്ങളിൽ അപേക്ഷകരുടെ ഐഡന്റിറ്റി പരിശോധന നടത്തുന്നതിനു അക്ഷയ കേന്ദ്രത്തെയുമാണ് ഏൽപ്പിച്ചിരുന്നത്. 70 അപേക്ഷകർക്ക് ഒരു ജീവനക്കാരൻ എന്ന നിലയിലാണ് രജിസ്ട്രേഷൻ ക്രമീകരിച്ചത്. വളരെ കൃത്യമായും ആത്മാർത്ഥതയോടെയും അവരിൽ അർപ്പിതമായ ചുമതല അക്ഷയ ടീമും സ്ഥാപനങ്ങളും നിർവ്വഹിച്ചിട്ടുണ്ട്.

പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ ചീഫ് സൂപ്രണ്ടുമാരുമായും, സെന്റർ കോ-ഓർഡിനേറ്റർമാരുമായും പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം ഓൺലൈൻ മീറ്റിംഗിലൂടെ ആശയ വിനിമയം നടത്തിയിരുന്നു. പല ഘട്ടങ്ങളിലായി ഇവർക്ക് ആവശ്യമായ പരിശീലന പരിപാടികൾ ഓൺലൈനായി നടത്തി. ഇതിന്റെയെല്ലാം ഫലമായി വളരെ വലിയ ആത്മവിശ്വാസത്തോടെയാണ് ഓരോ ഉദ്യോഗസ്ഥനും പരീക്ഷയെ സമീപിച്ചത്. മറ്റ് അഫിലിയേറ്റഡ് സ്ഥാപനങ്ങൾ ഒന്നും ഇല്ലാത്ത പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് വളരെ പരിമിതമായ എണ്ണം ജീവനക്കാരുടെ രാപകൽ ഭേദമന്യേയുള്ള പ്രവർത്തന ഫലമായാണ് ഈ പരീക്ഷ വിജയകരമാക്കാൻ സാധിച്ചത്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിനോടൊപ്പം ചേർന്ന് നിന്നുകൊണ്ട് ഗൾഫ് രാജ്യങ്ങളിലെ പരീക്ഷകൾ വളരെ സുതാര്യവും, വിജയകരവുമായി പൂർത്തിയാക്കുന്നതിന് സഹായിച്ച പ്രസ്തുത രാജ്യങ്ങളിലെ എംബസിയിലെ ഉദ്യോഗസ്ഥരുടെ സേവനം അഭിനന്ദനാർഹമാണ്.

പശ്ചിമേഷ്യയിലെ യുദ്ധ സാഹചര്യം അതിരൂക്ഷമായിരുന്നതിനാൽ ദുബായ് സെന്ററിലെ പരീക്ഷ നടത്തുന്നതിൽ അനിശ്ചിതത്വം നിലനിന്നിരുന്നു. പരീക്ഷ മാറ്റിവയ്ക്കുന്നതിനും വിമാന സർവ്വീസുകൾ മുടങ്ങിപ്പോയതിനാൽ ഗൾഫ് രാജ്യങ്ങളിൽ പ്രത്യേകിച്ച് കുവൈറ്റ്, ബഹറൈൻ തുടങ്ങിയ രാജ്യങ്ങളിൽ കുടുങ്ങിപോയ വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുവാൻ അവസരം നൽകണമെന്ന ആവശ്യം വിവിധ കോണുകളിൽ നിന്നുമുണ്ടായി. ദുബൈയിൽ സ്കൂളുകൾ അടച്ചിരുന്നതിനാലും യുദ്ധത്തിന്റെ ഭീഷണി നിലനിന്നിരുന്നതിനാലും ദുബൈയ് സെന്ററിൽ പരീക്ഷ എഴുതേണ്ട എല്ലാ വിദ്യാർത്ഥികൾക്കും ഷാർജയിൽ പുതിയ സെന്റർ അനുവദിച്ച് പരീക്ഷ നടത്താൻ തീരുമാനിക്കുകയായിരുന്നു. അതുപോലെ തന്നെ കുവൈറ്റിലും ബഹ്റൈനിലുമായി കുടുങ്ങിപോയവരും

കേരളത്തിൽ പരീക്ഷ എഴുതേണ്ടിയിരുന്നവരുമായ വിദ്യാർത്ഥികൾക്ക് പുതുതായി സെന്ററുകൾ കുവൈറ്റിലും ബഹ്റൈനിലും യുദ്ധകാലാടിസ്ഥാനത്തിൽ സെന്ററുകൾ കണ്ടെത്തി ആ രാജ്യങ്ങളിൽ പരീക്ഷ നടത്തുകയായിരുന്നു. ഈ സെന്ററുകളിലെ ജീവനക്കാർക്ക് ഓൺലൈൻ വഴി സി-ഡിറ്റിന്റെ സഹായത്തോടെ പരിശീലനം നൽകുകയും ചെയ്തു. മൂന്ന് രാജ്യങ്ങളിലെ എംബസിയുമായി ഓൺലൈൻ മീറ്റിംഗ് നടത്തുകയും പരീക്ഷ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിലേയ്ക്കായി ഓരോ ഉദ്യോഗസ്ഥരെ എംബസിയിൽ നിന്ന് നിയോഗിക്കുകയും ചെയ്തു. ഓരോ പരീക്ഷ കേന്ദ്രത്തിലെയും ഉദ്യോഗസ്ഥർ, എംബസിയിൽ നിന്ന് നിയോഗിക്കപ്പെട്ട നിരീക്ഷകർ, സിഡിറ്റിന്റെ സാങ്കേതിക വിദഗ്ധർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലെ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന വാട്സ് ആപ് ഗ്രൂപ്പ് തുടങ്ങുകയും നിരന്തരമായി ആശയ വിനിമയം നടത്തി ഓൺലൈൻ പരീക്ഷ വിജയകരമായി പൂർത്തിയാക്കി. ഈ ഭാരിച്ച പ്രവർത്തനത്തിൽ ഏർപ്പെട്ട എംബസിയിലെ ഉദ്യോഗസ്ഥർ, പരീക്ഷാ കേന്ദ്രത്തിലെ ജീവനക്കാർ, സി-ഡിറ്റ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരുടെ പ്രവർത്തനം എന്നിവ മികച്ച നിലവാരം പുലർത്തി.

അതുപോലെ തന്നെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രവേശന പരീക്ഷയ്ക്ക് ആവശ്യമായ സാങ്കേതിക സഹായം നൽകിയ സി-ഡിറ്റ്, പരീക്ഷ നടത്തുന്നതിനായി കോളേജുകളും, സ്കൂളുകളും ലഭ്യമാക്കിയ വകുപ്പുകൾ/ സ്ഥാപനങ്ങൾ, പരീക്ഷാ ചുമതലയുള്ള ചീഫ് സൂപ്രണ്ടുമാർ, സെന്റർ കോ-ഓർഡിനേറ്റർമാർ, അവരുടെ ടീം അംഗങ്ങൾ, അക്ഷയ ടീം, അധിക കേന്ദ്രങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കിയ കെൽട്രോൺ തുടങ്ങിയവരുടെ സേവനം പ്രത്യേകം അഭിനന്ദനാർഹമാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ്, പോലീസ്, കെ.എസ്.ആർ.ടി.സി, കെ.എസ്.ഇ.ബി. എന്നീ വിഭാഗങ്ങളുടെ സഹകരണം ലഭ്യമാക്കിക്കൊണ്ട് വിജയകരമായി പരീക്ഷ പൂർത്തിയാക്കാൻ കഴിഞ്ഞു. പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലകളിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി.

2026-ലെ കീം കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷ വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച എല്ലാ ഉദ്യോഗസ്ഥരോടും/വകുപ്പുകളോടും/ഗൾഫ് രാജ്യങ്ങളിലെ എംബസി ഉദ്യോഗസ്ഥരോടും പ്രവേശന പരീക്ഷാ കമ്മീഷണർ നന്ദി അറിയിച്ചു.

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

തിരുവനന്തപുരം
22-04-2026

**പ്രവേശന പരീക്ഷാ കമ്മീഷണർ**